## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2190** **06/10/2016 ൽ മറുപടി**

### ഡിജിറ്റൽ പാഠപുസ്തക പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ. ഷംസുദ്ദീൻ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിൽ ഓൺലൈനിൽ ലഭ്യമാക്കുന്ന ഡിജിറ്റൽ പാഠപുസ്തക പദ്ധതി വിപുലപ്പെടുത്തു വാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിൽ ഓൺലൈനിൽ ലഭ്യമാക്കുന്ന ഡിജിറ്റൽ പാഠപുസ്തക പദ്ധതി പൈലറ്റ് പ്രൊജക്റ്റ് എന്ന രീതിയിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | കഴിഞ്ഞ അദ്ധ്യയന വർഷം തുടങ്ങിയ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യ ങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരി ക്കാമോ; | (ബി) | 1. വിദ്യാർത്ഥികൾ ഭാരമേറിയ പാഠപുസ്ത കങ്ങൾ ദിവസവും സ്കൂളിൽ കൊണ്ടു പോകുന്നതുമൂലം അവർക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുക.<br>2. ഐ.ടി.-യെ മറ്റ് വിഷയങ്ങളുടെ പഠനത്തിന് ഉപയോഗിക്കുന്ന രീതിയായ ഐ.സി.റ്റി ശാക്തീകരണ വിദ്യാഭ്യാസം വിപുലപ്പെടുത്തുക.<br>3. പാഠപുസ്തകങ്ങളും ഇ-കണ്ടന്റുകളും പ്രത്യേക വെബ്സൈറ്റിലൂടെ ലഭ്യമാക്കുക തുടങ്ങിയവ. |
| (സി) | പ്രസ്തുത പദ്ധതി തുടരുവാൻ സാധിക്കു കയില്ല എന്ന ഐ.ടി.@ സ്കൂൾ ഡയറക്ടറുടെ നിലപാട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;സ്വീകരിച്ചുണ്ടോ ? | (സി) | ഉണ്ട്. ഇപ്പോൾ നിലവിലുള്ള സ്കൂൾ വിപണി, റിസോഴ്സ് പോർട്ടൽ എന്നിവയുടെ തുടർച്ച ഉറപ്പ് വരുത്താതെയാണ് Digital Collaborative Text Book (DCT) ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ഒരു വർഷം കഴിഞ്ഞിട്ടും ഇത് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൊതു സമൂഹത്തിനും കൂടുതൽ പ്രയോജനപ്രദമായ രീതിയിൽ ഡിജിറ്റൽ പാഠ ഭാഗങ്ങൾ ലഭ്യമാക്കുന്നതിന് ഐടി@സ്കൂൾ നടപടി സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ